പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1449

10-02-2020-ൽ മറുപടിക്ക്

# ഒറ്റപ്പാലം മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

ചോദ്യം

ശ്രീ. പി. ഉണ്ണി

മറുപടി

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ കുളങ്ങൾ കാർഷികാവശ്യങ്ങൾക്കായി ഉപയോഗയോഗ്യമാക്കുന്ന പദ്ധതി പ്രകാരം ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽപ്പെട്ട കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ ആറാട്ടുകുളത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി 71.28 ലക്ഷം രൂപയുടെ ഭരണാനുമതി ആർ.ഐ.ഡി.എഫ് ട്രാഞ്ചെ-25 സ്കീമിലുൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതും ആയതിന്റെ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.<br>മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ തച്ചനാട്ടുകര പഞ്ചായത്തിലെ തള്ളച്ചിറക്കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നബാർഡ് ആർ.ഐ.ഡി.എഫ് XX-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളുടെ നവീകരണ പദ്ധതിയുടെ കാലികസ്ഥിതി അറിയിക്കുമോ; | (ബി) | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ തള്ളച്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 30-09-2017 ന് പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | തള്ളച്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് 7,50,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 6,91,268/ രൂപ ചെലവഴിച്ച് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ